# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2085

23-03-2012-ൽ മറുപടിക്ക്

## സ്പോട്ട് ബില്ലിംഗ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) സ്പോട്ട് ബിൽ നൽകുമ്പോൾ തന്നെ ബിൽ തുക കൂടി സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; | (എ) ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) ഇൻറർനെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് തുക സ്വീകരിക്കുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതൽ ഇതു നടപ്പിലാക്കുമെന്ന് അറിയിക്കാമോ? | (ബി) എച്ച്.റ്റി./ ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെ വൈദ്യുതി ബിൽ തുക ഇൻറർനെറ്റ് ബാങ്കിംഗ് വഴിയും ഡെബിറ്റ്/ ക്രെഡിറ്റ് കാർഡ് വഴിയും സ്വീകരിക്കുന്നതിനുള്ള സംവിധാനം 06.07.2011 മുതൽ നിലവിലുണ്ട്. കെ.എസ്.ഇ.ബി.യുടെ ഏതൊരു സെക്ഷൻ ഓഫീസിലേയും എൽ.റ്റി. ഉപഭോക്താക്കളുടെ വൈദ്യുതി ബില്ലുകൾ ഇൻറർനെറ്റ് വഴി അടയ്ക്കുന്നതിനുള്ള സംവിധാനം ആർ.എ.പി.ഡി.ആർ.പി. വിവര സാങ്കേതിക വിദ്യാ പദ്ധതികൾ നടപ്പിലാക്കുന്നതോടുകൂടി കേരള മൊട്ടാകെ നിലവിൽ വരും. ഈ സംവിധാനം നിലവിൽ വരുത്തുവാനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിൽ ഈ സംവിധാനം നിലവിൽ വരുത്തുവാനുള്ള നടപടികൾ 09.02.2012 മുതൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.